ഉത്തരം

(എ) ഉണ്ട്.

(ബി) 93.

(സി) കണ്ടുപിടിക്കപ്പെട്ട മോഷണകേസ്സുകളിൽ ഇരുപത്തി ഏഴ് (27) ഉപഭോക്താക്കൾക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പിഴയിനത്തിൽ 2,31,15,454 രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച വൈദ്യുത പദ്ധതികൾ

121 (1664) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച വൈദ്യുത പദ്ധതികളിൽ എത്ര പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട് ; അവ ഏതൊക്കെയാണ് ;

(ബി) അവയിൽ നിന്നും എത്ര വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ) വൈദ്യുത ബോർഡിന്റെ രണ്ട് പദ്ധതികളും, സ്വകാര്യ മേഖലയിൽ 2 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

വൈദ്യുത ബോർഡിന്റെ പദ്ധതികൾ

1. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി (50 മെഗാവാട്ട്)

2. കോഴിക്കോട് ഡീസൽ പവർ പ്ലാന്റ് (128 മെഗാവാട്ട്)

സ്വകാര്യമേഖലയിലെ പദ്ധതികൾ

1. സി.എസ്.ഇ.എസ്. കൊച്ചി (157 മെഗാവാട്ട്) ഭാഗികമായി

2. കെ.പി.സി.എൽ. കാസർഗോഡ് (20 മെഗാവാട്ട്)

(ബി)

1. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി : 31-5-2003 വരെ 110.0 മില്യൻ യൂണിറ്റ് കൂടുതലായി ഉൽപ്പാദിപ്പിച്ചു.

2. കോഴിക്കോട് ഡീസൽ പവർ പ്ലാന്റ് : 31-5-2003-വരെ 1371.694 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

3. ബി.എസ്.ഇ.എസ് : 31-5-2003 വരെ 704.6 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

4. കെ. പി.സി.എൽ : 31-5-2003 വരെ 243.04 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

സംസ്ഥാനത്തിന് പുറത്തുനിന്നും കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന താപ വൈദ്യുതി

122 (1665) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനുപുറത്തു നിന്നും കുറഞ്ഞ വിലയ്ക്ക് താപ വൈദ്യുതി ലഭിക്കുന്നതിന് സാദ്ധ്യതയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി വാങ്ങുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന് പുറത്ത് നമ്മുടെ താപ നിലയത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ മൊത്തത്തിലുള്ള വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്.

(ബി) മൂഴിയാർ വൈദ്യുതി നിലയത്തിൽ ഉണ്ടായ തീപിടിത്തത്തെ തുടർന്ന് ഉണ്ടായ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് കിഴക്കൻമേഖലയിൽ നിന്നും പവർ ട്രേഡിംഗ് കോർപ്പറേഷൻ വഴി 100 എം.ഡബ്ല്യു. താപ വൈദ്യുതി ഓഫ്പീക്ക് സമയത്ത് താരതമ്യേന മറ്റു താപ വൈദ്യുതിയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കിയിരുന്നു. കൂടാതെ മഴ ചതിച്ചതുമൂലമുണ്ടായ വൈദ്യുതി ദൗർലഭ്യത പരിഹരിക്കുന്നതിനായി കിഴക്കൻ മേഖലയിൽ നിന്നും 100 എം. ഡബ്ല്യു. വൈദ്യുതി ഓഫ് പീക്ക് സമയങ്ങളിൽ 30-6-2003 വരെ ലഭ്യമാണ്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ലഭ്യതയും കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ ലഭ്യതയും കണക്കാക്കിയും അത് കൊണ്ടുവരുന്നതിനുള്ള സംവിധാനവും കണക്കാക്കി അധികമായി വേണ്ടിവരുന്ന വൈദ്യുതി സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കി വരുന്നുണ്ട്. കൂടാതെ "അവയിലബിലിറ്റി ബോക്സ്ഡ് താരിഫ്" (എ ബി റ്റി) നടപ്പിലാക്കി ഇപ്പോൾ "ആവൃത്തി" (ഫ്രീകൻസി) കൂടുതലുള്ള സമയങ്ങളിൽ ലഭിക്കുന്ന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി പ്രയോജനപ്പെടുത്തുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly